പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3845 — 11.11.2019 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കാരാട്ട് റസാഖ്<br>,, ഐ.ബി. സതീഷ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) | സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷൻ വഴി സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിന് ആശുപത്രികളിൽ സൗകര്യപ്രദമായ രജിസ്ട്രേഷൻ സംവിധാനങ്ങൾ, പ്രത്യേക ക്യൂ സമ്പ്രദായം, ഇ-ഹെൽത്ത് വഴി ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരിപ്പ് സ്ഥലങ്ങൾ സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗികൾക്ക് കുടിവെള്ള സൗകര്യം, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുട്ടികൾക്കായുള്ള പാർക്ക്, കാരുണ്യ മെഡിക്കൽ സ്റ്റോർ, ഒ.ആർ.റ്റി കോർണർ, സ്വകാര്യത ഉറപ്പാക്കുന്ന പരിശോധനാ മുറികൾ മുതലായവയും ഏർപ്പെടുത്തിയിട്ടുണ്ട്. എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാതല ആശുപത്രികളിലെ ഈ പ്രവർത്തി, വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരികയാണ്. താലൂക്ക്തല ആശുപത്രികളിലെ ഒ.പി.വിഭാഗം ഘട്ടംഘട്ടമായി രോഗീ സൗഹൃദമാക്കാനുള്ള പ്രാരംഭ നടപടികൾ നടന്നു വരികയാണ്. |
| (ബി) | സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ആർദ്രം മിഷൻ മുഖേന നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഡോക്ടർമാർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. വൈകുന്നേരം ആറ് മണി വരെ ഒ.പി. സമയം ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനവും ഗുണമേന്മയുള്ള മരുന്നുകളും ഉറപ്പു വരുത്തുകയും ചെയ്തു. ശ്വാസ്, ആശ്വാസ് എന്നീ പദ്ധതികളും നഴ്സസ് പ്രീ ചെക്ക്-അപ്, മുതലായ പദ്ധതികളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി. സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ ശക്തിപ്പെടുത്തുക വഴി നൂതന ചികിത്സാ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള നടപടികളും നടന്നു വരുന്നുണ്ട്. മേൽ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി ആശുപത്രികളിലെ സേവനങ്ങൾ മെച്ചപ്പെടുത്താനും, കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രികൾ സ്ത്രീസൗഹൃദവും ഭിന്നശേഷി സൗഹൃദവുമാക്കുന്നതിനും മികച്ച ഒ.പി. സൗകര്യം, രജിസ്ട്രേഷൻ കൗണ്ടറുകൾ, മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുക വഴി സ്ത്രീകൾക്കും പുരുഷൻമാർക്കും ഒ.പി.-യിൽ പ്രത്യേകം ക്യൂ സംവിധാനം, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കൂടുതൽ രജിസ്ട്രേഷൻ കൗണ്ടറുകൾ,ഭിന്നശേഷി-സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം, സ്വകാര്യത ഉറപ്പ വരുത്തുന്ന പരിശോധനാ മുറികൾ, ഭിന്നശേഷിക്കാർക്കും, മുതിർന്ന പൗരന്മാർക്കും പ്രത്യേകം സൗകര്യവും മുൻഗണനയും മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ